ഏജൻസികൾ മുഖേന നഗരസഭകൾ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ വിലയിരുത്തുന്നതിന് നാല് ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. നഗരസഭയും, കൺസൾട്ടൻസി ഏജൻസിയും, നോഡൽ ഏജൻസിയും തമ്മിലുള്ള ഒരു ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്ന മുറയ്ക്ക്, മേൽപ്പറഞ്ഞ ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികൾ അംഗീകരിക്കുന്ന പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട ഡി.പി.ആർ.-കൾ തയ്യാറാക്കി നഗരസഭകൾക്കു നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ന്യൂനപക്ഷക്ഷേമവകുപ്പിലെ ജീവനക്കാരുടെ എണ്ണം

134 (1605) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിൽ എത്ര സ്ഥിരം/ഡെപ്യൂട്ടേഷൻ ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) ഈ വകുപ്പിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സർക്കാർ വകുപ്പുകളിൽ താൽക്കാലിക ജീവനക്കാരെക്കൊണ്ട് 179 ദിവസത്തിൽ കൂടുതൽ തുടർച്ചയായി ജോലിയെടുപ്പിക്കുവാൻ വ്യവസ്ഥയുണ്ടോ ;

(ഡി) എങ്കിൽ ഈ വകുപ്പിൽ പി.എസ്.സി. മുഖേന സ്ഥിര നിയമനത്തിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) ന്യൂനപക്ഷ ക്ഷേമ വകുപ്പുമുഖേന ഓരോ വർഷവും എന്തെല്ലാം ന്യൂനപക്ഷ ക്ഷേമ പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്നും അതിനുവേണ്ടി സർക്കാർ അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിൽ സ്ഥിരം/ഡെപ്യൂട്ടേഷൻ/ താല്ക്കാലിക ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി&ഡി) ന്യൂനപക്ഷ ക്ഷേമവകുപ്പിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ ദിവസവേതനത്തിലും കരാർ അടിസ്ഥാനത്തിലുമാണ് നിയമനം നടത്തുന്നത്. സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്ന മുറയ്ക്ക് നിയമനം പി.എസ്.സി. വഴി നടത്തുന്നതാണ്.

(ഇ) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly